"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 30.09.2024-ലെ 24(1), 07.10.2024-ലെ 1(1) എന്നീ നമ്പർ തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണലിന്റെ പരിഗണനയ്ക്കായി റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1053/2026/LSGD തീയതി,തിരുവനന്തപുരം, 25-05-2026

---

പരാമർശം:-

1. ആരക്കുഴ ഗ്രാമപഞ്ചായത്ത് ഭരരണസമിതിയുടെ 30.09.2024-ലെ 24(1) നമ്പർ തീരുമാനം.
2. ആരക്കുഴ ഗ്രാമപഞ്ചായത്ത് ഭരരണസമിതിയുടെ 07.10.2024-ലെ 1(1) നമ്പർ തീരുമാനം.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08.01.2025-ലെ LSGD/PD/36630/2024-AR5 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ പതിനൊന്നാം വാർഡിൽ ക്വാറി ഖനനം തുടങ്ങുന്നതിനുള്ള ലൈസൻസിനായി ശ്രീ.സജി സെബാസ്റ്റ്യൻ മടേയ്ക്കൽ അപേക്ഷ സമർപ്പിച്ചിരുന്നു. നിലവിൽ പ്രവർത്തനാനുമതി ഉള്ള ക്വാറിയോട് ചേർന്ന് വീണ്ടും പുതിയ ക്വാറിക്ക് ലൈസൻസ് നൽകിയാൽ സമീപവാസികളുടെ ജീവനും സ്വത്തിനും ഭീഷണിയാകും എന്നും ആയതിനാൽ ലൈസൻസ് അനുവദിക്കേണ്ടതില്ല എന്ന് പരാമർശം 1 പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തു.

2) അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളെല്ലാം ഹാജരാക്കിയിട്ടുള്ള സാഹചര്യത്തിൽ പരാമർശം 1 തീരുമാനം പുനഃപരിശോധിക്കണമെന്ന് സെക്രട്ടറി അഭിപ്രായപ്പെട്ടു. എന്നാൽ, മുൻ തീരുമാനം പുനഃപരിശോധിക്കേണ്ടതില്ല എന്ന് പരാമർശം 2 പ്രകാരം ഭരണസമിതി തീരുമാനമെടുത്തു. തുടർന്ന് സെക്രട്ടറി ടി വിഷയത്തിൽ തീരുമാനമെടുക്കുന്നതിനായി സർക്കാർ മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

3) 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 232-ാം വകുപ്പും അതേ തുടർന്നുള്ള ചട്ടങ്ങൾ പ്രകാരം ആവശ്യമായിട്ടുള്ള രേഖകൾ എല്ലാം ഹാജരാക്കിയിട്ടുള്ളതിനാൽ ലൈസൻസ് അനുവദിക്കേണ്ടതാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ)

ചട്ടങ്ങളിലെ ചട്ടം 12(3) (എ), (ബി) പ്രകാരം, അപേക്ഷിച്ചിട്ടുള്ള അനുവാദം പൂർണ്ണമായോ അല്ലെങ്കിൽ വ്യക്തമെന്ന് തോന്നുന്ന വ്യവസ്ഥകൾക്ക് വിധേയമായോ നൽകേണ്ടതാണെന്നും ശല്യം സംബന്ധിച്ച പരാതികൾ ബന്ധപ്പെട്ട വകുപ്പിൽ നിന്നും വിദഗ്ധ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ ശല്യം ഇല്ലാതാക്കാനുള്ള ഏതെങ്കിലും വ്യവസ്ഥ ഉണ്ടെങ്കിൽ അപ്രകാരമുള്ള വ്യവസ്ഥയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് അനുമതി നൽകേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ആയതിനാൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 233(3)- വകുപ്പിന് വിരുദ്ധമാണെന്ന് പരാമർശം 3 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ പരാമർശം 1, 2 തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ പരിഗണനയ്ക്കായി റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, ട്രൈബ്യൂണൽ ഫോർ ലോക്കൽ ബോഡീസ്, ശ്രീമൂലം ബിൽഡിങ്സ്, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം (ആമുഖ കത്തും അനുബന്ധ രേഖകളും സഹിതം).
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, ആരക്കുഴ ഗ്രാമപഞ്ചായത്ത്, ആരക്കുഴ പി.ഒ., എറണാകുളം ജില്ല-686672.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പിആർഡി(വെബ് &ന്യൂമീഡിയ), തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി[LSGD-RC3/645/2024-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Pradeesh M.
Date: 25-05-2026 16:49:42

സെക്ഷൻ ഓഫീസർ